# പരിസ്ഥിതി നാശം: കമൽനാഥിന് പത്തുലക്ഷം രൂപ പിഴ

പരിസ്ഥിതിക്ക് കോട്ടം വരുത്തി ഹോട്ടൽ നിർമ്മിച്ചതിന് മുൻ കേന്ദ്രപരിസ്ഥിതിമന്ത്രി കമൽനാഥിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽ നിർമ്മാണ കമ്പനിക്ക് സുപ്രീംകോടതി പത്തുലക്ഷം രൂപ പിഴ വിധിച്ചു. ഹിമാചൽപ്രദേശിലെ കുളു-മണലി താഴ്‌വരയിൽ ബിയാസ് നദിക്കരയിലാണ് ഹോട്ടൽ നിർമ്മാണം നടന്നത്. പിഴയായി ഈടാക്കുന്ന പത്തുലക്ഷം രൂപ ആ പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനസർക്കാർ വിനിയോഗിക്കണമെന്നാണ് കോടതി നിർദ്ദേശം. കമൽനാഥിന്റെ സ്പാൻമോട്ടൽ പ്രൈവറ്റ് ലിമിറ്റഡിന് വിട്ടുകൊടുത്ത സ്ഥലം ഏറ്റെടുക്കാനും പഴയനില പുനഃസ്ഥാപിക്കാനും സംസ്ഥാന സർക്കാരിനോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തകനായ അഡ്വ.എം.സി.മെഹ്തയാണ് കമൽനാഥിനെതിരെ പരാതി നൽകിയിരുന്നത്.